Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

19th June 2017

## 18 തദ്ദേശ വാർഡുകളിൽ ജൂലൈ 18ന് ഉപതെരഞ്ഞെടുപ്പ്

പതിനൊന്ന് ജില്ലകളിലെ 18 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ജൂലൈ 18ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. തിരുവനന്തപുരം പത്തനംതിട്ട കോട്ടയം തൃശൂർ പാലക്കാട് മലപ്പുറം വയനാട് കണ്ണൂർ ജില്ലകളിലെ 13 ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം കോഴിക്കോട് കാസർഗോഡ് ജില്ലകളിലെ 3 നഗരസഭ വാർഡുകളിലും ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ ഒരോ ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടത്തുന്നത്.

മാതൃകാപെരുമാറ്റച്ചട്ടം ജൂൺ 19ന് നിലവിൽ വന്നു. 23 മുതൽ നാമനിർദ്ദേശം സമർപ്പിക്കാം. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 30.പത്രികകളുടെ സൂക്ഷ്മ പരിശോധന ജൂലൈ1 നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുളള അവസാന തീയതി 3 മാണ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 19ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- മാറന ല്ലൂർ- ഊരുട്ടമ്പലം, അമ്പൂരി- അമ്പൂരി, പത്തനംതിട്ട- കോട്ടാങ്ങൽ- കോട്ടാങ്ങൽ കിഴക്ക്, കോട്ടയം- ഉദ യനാപുരം-വാഴമന, കല്ലറ- കല്ലറ പഴയപള്ളി, പാമ്പാടി- നൊങ്ങൽ, തൃശൂർ-മാള- പതിയാരി, പാലക്കാട്- കൊടുവായൂർ-ചാന്തിരുത്തി, മലപ്പുറം-എടക്കര-പള്ളിപ്പടി, മൂർക്കനാട്-കൊളത്തൂർ പലകപ്പറമ്പ്, തല ക്കാട് - കാരയിൽ, വയനാട്-നൂൽപ്പുഴ- കല്ലുമുക്ക്, കണ്ണൂർ-പയ്യാവൂർ- ചമതച്ചാൽ.
ആലപ്പുഴ- ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്- തൃക്കുന്നപ്പുഴ, കണ്ണൂർ-തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്- ധർമ്മടം, മലപ്പുറം- കോട്ടയ്ക്കൽ നഗരസഭ- ചീനംപുത്തൂർ, കോഴിക്കോട് -ഫറോക്ക് നഗരസഭ- കോട്ട പ്പാടം, കാസർഗോഡ് നഗരസഭ - കടപ്പുറം സൗത്ത്.
ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള 18 തദ്ദേശ ഭരണ വാർഡുകളിലെ വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും ജൂൺ 21 വരെ അവസരമുണ്ടാകും.

*(എസ്.ഇ.സി. 33/2017)*